## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1247** **07.06.2018-ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ദേശീയപാത വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ചില പ്രദേശങ്ങളിൽ ഒരു ഭാഗത്തുനിന്ന് മാത്രം സ്ഥലമേറ്റെടുക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?<br><br>(ബി) ഇപ്രകാരം ആക്ഷേപം വന്നിട്ടുള്ള അലൈൻമെന്റുകളിൽ മാറ്റം വരുത്തുവാൻ സർക്കാർ എൻ.എച്ച്.എ.ഐ. പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) & (ബി) | ദേശീയപാത വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ചില പ്രദേശങ്ങളിൽ ഒരു ഭാഗത്തുനിന്ന് മാത്രം സ്ഥലമേറ്റെടുക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിക്ഷിപ്ത താൽപര്യക്കാർ ഉയർത്തുന്ന അനാവശ്യ വിവാദങ്ങൾ സ്ഥലം ഏറ്റെടുക്കൽ തടസ്സപ്പെട്ടിട്ടില്ല എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. എന്നാൽ 45 മീറ്റർ ROW-യിൽ വികസിപ്പിക്കുമ്പോൾ ജനങ്ങൾക്ക് കഴിവതും ബുദ്ധിമുട്ട് കുറഞ്ഞ രീതിയിൽ സ്ഥലമേറ്റെടുക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും, ജനപ്രതിനിധികളിൽ നിന്നും നിരവധി പരാതികൾ ലഭിച്ചത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ/നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തിയത് അനുസരിച്ച് പരമാവധി നിലവിലെ ദേശീയപാതയിൽ നിന്നും രണ്ട് വശങ്ങളിലും തുല്യമായി സ്ഥലമേറ്റെടുത്തും കഴിവതും ആരാധനാലയങ്ങളെ സംരക്ഷിച്ചും വികസനം നടപ്പിലാക്കാനാണ് ധാരണയായിരിക്കുന്നത്. കൂടാതെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ (MORTH) മാനദണ്ഡങ്ങൾ പ്രകാരവും ബാധകമായ ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ കോഡുകൾ അനുസരിച്ചും സുരക്ഷിതമായ ഗതാഗതത്തിന് നിശ്ചയിച്ചിട്ടുള്ള ഘടകങ്ങൾ |

പാലിച്ച് ഫൈനൽ അലൈൻമെന്റ് തീരുമാനിക്കേണ്ടത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്.

കരുനാഗപള്ളി, ചെപ്പാട്, രണ്ടാനം, കോട്ടുകന്ന് (കണ്ണൂർ), വടകര (കോഴിക്കോട്), മലപ്പുറം ആന്റ് തുമ്പോളി കൊമ്മാടി തുടങ്ങിയ സ്ഥലങ്ങളിൽ ഇരുവശത്തു നിന്നും തുല്യമായി ഏറ്റെടുക്കലിന് വ്യതിയാനം വന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത അലൈൻമെന്റുകൾ പുന:പരിശോധിക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ